പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5658 | 24/05/2017-ൽ മറുപടിക്ക്

## മാറാരോഗികൾക്കും ശയ്യാവലംബർക്കും പരിചരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ദാസൻ**<br>**ശ്രീ.വി. അബ്ദുറഹിമാൻ**<br>**ശ്രീ.കെ. ആൻസലൻ**<br>**ശ്രീ.കെ.ജെ. മാക്സി** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) മാറാരോഗികൾക്കും ശയ്യാവലംബർക്കും വേദന നിവാരണ പരിചരണം നൽകുന്നതിൽ സംസ്ഥാനത്തെ മുഖ്യരാഷ്ട്രീയ പാർട്ടി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) ഭവന സന്ദർശനത്തിലൂടെയുള്ള പ്രൈമറി കെയർ, ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുള്ള സെക്കന്ററി കെയർ, പരിശീലന പരിപാടികൾക്കായി സജ്ജീകരിച്ചിട്ടുള്ള ടെർഷ്യറി കെയർ എന്നിവയാണ് ആരോഗ്യ വകുപ് നടപ്പിലാക്കിവരുന്ന സാന്ത്വന പരിചരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. സന്നദ്ധ സംഘടനകളും രാഷ്ട്രീയ പാർട്ടികളും നടത്തുന്ന സാന്ത്വന പരിചരണ പദ്ധതിയുമായി നിലവിൽ പ്രദേശിക തലത്തിൽ സാങ്കേതികമായ സഹകരണം ആരോഗ്യ വകുപ്പ് നൽകുന്നുണ്ട്. സംഘടനകൾ നടത്തുന്ന സാന്ത്വന പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് വിശകലനം ചെയ്തിട്ടില്ല. |
| ബി) പാലിയേറ്റീവ് കെയർ രംഗത്ത് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണ്; | ബി) സംസ്ഥാനത്ത് സാന്ത്വന പരിചരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൂന്ന് തലത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.<br>**പ്രൈമറി കെയർ:-** കിടപ്പിലായ രോഗികളുടെ ഭവന സന്ദർശനം നടത്തി സാന്ത്വന ചികിത്സ നൽകുന്ന ഹോം കെയർ എല്ലാ പഞ്ചായത്തുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ അനുബന്ധിച്ച് നടപ്പിലാക്കിവരുന്നു.<br>**സെക്കന്ററി കെയർ:-** വിദഗ്ധ ചികിത്സ ആവശ്യമായ രോഗികൾക്ക് സംസ്ഥാനത്തെ 95 ജില്ലാ/ജനറൽ/താലൂക്കാശുപത്രികളിൽ രോഗ പരിചരണവും, മോർഫിൻ തെറാപ്പിയും നൽകി വരുന്നു.<br>**ടെർഷ്യറി കെയർ:-** എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. |
| സി) വിവിധ സന്നദ്ധ സേവന സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഈ രംഗത്തെ പ്രവർത്തനം ശക്തമാക്കാനും വേദന നിവാരണ ചികിത്സക്കായി കൂടുതൽ സർക്കാർ ആശുപത്രികളിൽ സൗകര്യങ്ങൾ ഒരുക്കി മാറാരോഗികൾക്ക് ആശ്വാസം പകരാനും നടപടിയെടുക്കുമോ? | സി) പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ